LIBRARY ARCHIVES Kerala Legislative Assembly

വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്ന നടപടി

152 [1562] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ കേരളത്തിൽവച്ചുതന്നെ അറ്റസ്റ്റുചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇതിനകം എത്രപേരുടെ സർട്ടിഫിക്കറ്റുകൾ ഇവിടെവച്ച് അറ്റസ്റ്റ് ചെയ്തു നൽകിയെന്നു അറിയിക്കാമോ;

(സി) സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് ഫീസ് ചുമത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യാൻ ജില്ലാതല, മേഖലാതല കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റേയും, വിദേശ കാര്യ മന്ത്രാലയത്തിന്റേയും ഓരോ സെല്ലുകൾ കേരളത്തിൽ ആരംഭിക്കുന്നതിന് നിരവധി നിവേദനങ്ങൾ മുൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. നോർക്കാ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു മുന്നംഗ മന്ത്രിതല സംഘം അന്നത്തെ പ്രധാനമന്ത്രിയെ കാണുകയും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ്-എൻ ആർ കെ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ്'-ൽ 30-1-2004 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 2004 ജൂൺ 30 വരെ 13,771 അപേക്ഷകരുടെ 17204 സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തലിന് ഓരോ സർട്ടിഫിക്കറ്റിനും 50 രൂപയുടെ പോസ്റ്റൽ മാർഡർ വീതവും, എംബസ്സി അറ്റസ്റ്റേഷന് ഓരോ സർട്ടിഫിക്കറ്റിനും 750 രൂപാ വീതവും ഈടാക്കുന്നുണ്ട്. ഇതു കൂടാതെ സർവ്വീസ് ചാർജ് ഇനത്തിൽ ഓരോ വ്യക്തിയിൽ നിന്നും 500 രൂപാ വീതം റൂട്ട്സ് ഈടാക്കുന്നുണ്ട്.

(ഡി) സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യാൻ ജില്ലാതല കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കോഴിക്കോടും കൊച്ചിയിലും രണ്ടു കേന്ദ്രങ്ങൾ തുടങ്ങാൻ ആലോചനയുണ്ട്.

സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിന് കൂടുതൽ കേന്ദ്രങ്ങൾ

153 [1563] ശ്രീ. റ്റി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് വിദേശത്ത് ജോലി തേടി പോകുന്നവരുടെ അക്കാഡമിക് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കൂടുതൽ കേന്ദ്രങ്ങളിൽ ആഫീസ് തുറക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇപ്പോൾ എത്ര ദിവസംകൊണ്ട് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകാൻ കഴിയുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് എന്തെങ്കിലും ഫീസ് ചുമത്തുകയോ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം മാത്രമാണ് റൂട്ട്സിൽ പ്രവർത്തിക്കുന്നത്. വിദേശ കാര്യ മന്ത്രാലയത്തിന്റെയും, യു.എ.ഇ. എംബസ്സിയുടേയും അനുവാദമുണ്ടെങ്കിൽ മാത്രമേ ഒരു ഏകജാലക സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly